**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷനിലെ ചാലിയം ഡിപ്പോയിൽ 21/09/2019-ൽ നടന്ന 3966-ാം നമ്പർ ഇ-ലേലത്തിൽ M/s. ടോണി വുഡ് ഇൻഡസ്ട്രീസ് എക്സ്പോർട്ട്സ് & മാനുഫാക്ചേഴ്സ്, പെരുന്ന, ചങ്ങനാശ്ശേരി എന്ന സ്ഥാപനം ലേലം കൊണ്ടതും കാലാവധിയ്ക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്തതുമായ ലോട്ടുകൾ, ബാക്കി തുക ഒടുക്കി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.221/2020/വനം തീയതി, തിരുവനന്തപുരം, 23/09/2020

---

പരാമർശം :- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 27/2/2020-ലെ പ്രൊ(4)-92488/19 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷനിലെ ചാലിയം ഡിപ്പോയിൽ 21/09/2019 ൽ നടന്ന 3966-ാം നമ്പർ ഇ-ലേലത്തിൽ, M/s. ടോണി വുഡ് ഇൻഡസ്ട്രീസ് എക്സ്പോർട്ട്സ് & മാനുഫാക്ചേഴ്സ്, പെരുന്ന, ചങ്ങനാശ്ശേരി എന്ന സ്ഥാപനം ലേലം കൊണ്ട തടികളുടെ മെറ്റീരിയൽ വാല്യുവിന്റെ 35% ഇ.എം.ഡി ഉൾപ്പെടെ 9,95,000/-രൂപ അടവാക്കിയെങ്കിലും നിയമാനുസൃതമായി അടയ്ക്കേണ്ട ബാക്കിതുക സമയപരിധിയായ 09/10/2019-നകം അടച്ചിരുന്നില്ല എന്നും എന്നാൽ, ടി സ്ഥാപനം ലേലത്തിൽ 35% തുക അടച്ചിട്ടുള്ളതിനാലും, ബാക്കി തുക ഒടുക്കി തടി നീക്കം ചെയ്യാൻ തയ്യാറായ സാഹചര്യത്തിലും, ടി സ്ഥാപനത്തിന്റെ അപേക്ഷയിന്മേൽ മാനുഷിക പരിഗണന നല്കി, ടി സ്ഥാപനം ലേലം കൊണ്ട കാലാവധിയ്ക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14(b),15(a) എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ടും ലേല വ്യവസ്ഥയിലെ 14(e) പ്രകാരമുള്ള മുഴുവൻ തുക ഉൾപ്പെടെ തറവാടകയും നികുതികളും പിഴപലിശയും ഒടുക്കി, സർക്കാരിന് പലിശയിനത്തിൽ നഷ്ടം വരാത്ത രീതിയിൽ, തടി

നീക്കം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പരാമർശം പ്രകാരം, ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ, പരാമർശപ്രകാരമുള്ള, ശിപാർശയുടെ അടിസ്ഥാനത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട്, കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷനിലെ ചാലിയം ഡിപ്പോയിൽ 21/09/2019-ൽ നടന്ന 3966-ാം നമ്പർ ഇ-ലേലത്തിൽ M/s. ടോണി വുഡ് ഇൻഡസ്ട്രീസ് എക്സ്പോർട്ട്സ് & മാനുഫാക്ചേഴ്സ്, പെരുന്ന, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന്, ലേലം കൊണ്ട കാലാവധിയ്ക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14(b),15(a) എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ടും, ലേല വ്യവസ്ഥയിലെ 14(e) പ്രകാരമുള്ള മുഴുവൻ തുക ഉൾപ്പെടെ തറവാടകയും നികുതികളും പിഴപലിശയും ഈടാക്കി, സർക്കാരിന് പലിശയിനത്തിൽ നഷ്ടം വരാത്ത രീതിയിൽ, തടി നീക്കം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും, ആയതിന് ഈ ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നല്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINOD K**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.